സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 15.02.2024

നമ്പർ. EG3/31036/23/ഡി.ടി.ഇ

# സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2013 മുതൽ 31.12.2019 വരെ കാലയളവിൽ വിവിധ ബ്രാഞ്ചുകളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II / ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സർക്കുലർ നമ്പർEG3/32564/20/DTE തീയതി,03.05.2021
2.24.07.2023 ലെ കുളത്തൂർ സർക്കാർ ടെക്നിക്കൽ ഹൈ സ്കൂൾ സൂപ്രണ്ടിൻറെ ഇ/923/2021/GTHSK നമ്പർ കത്ത്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2013 മുതൽ 31.12.2019 വരെ കാലയളവിൽ വിവിധ ബ്രാഞ്ചുകളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II / ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് സൂചന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ പേര് ചേർക്കുന്നതിനായി കുളത്തൂർ, ടെക്നിക്കൽ ഹൈ സ്കൂളിലെ ഓട്ടോ മൊബൈൽ വിഭാഗം വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ. അഭിലാഷ്.ആർ.എസ് സൂചന 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. 27.06.2017 ലെ EC4/21132/17/DTE നമ്പർ നടപടിക്രമം അനുസരിച്ച് ടിയാന് ഓട്ടോ മൊബൈൽ വിഭാഗം വർക്ക് ഷോപ്പ് ഇൻസ്ട്രക്ടറായി തസ്തികമാറ്റം വഴി നിയമനം ലഭിക്കുകയും 28.09.2019 പ്രാബല്യത്തിൽ നിരീക്ഷണകാലം പൂർത്തീകരിക്കുകയും ചെയ്തു. ടിയാൻറെ അപേക്ഷ പരിശോധിച്ചതിൽ നിന്നും ടിയാൻ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ യോഗ്യനാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കുലർ 1 പ്രകാരം പ്രസിദ്ധീകരിച്ച, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2013 മുതൽ 31.12.2019 വരെ കാലയളവിൽ വിവിധ ബ്രാഞ്ചുകളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ / ഡെമോൺസ്ട്രേറ്റർ / ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II / ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ.117 ആയി പേര് ചേർത്തിട്ടുള്ള ശ്രീ.മനുദേവ്.എസ്.ആർ - നും 118 ആയി പേര് ചേർത്തിട്ടുള്ള ശ്രീ.സുനിൽ കുമാർ.ആർ -നും മദ്ധ്യത്തിലായി 117(A) ആയി - ശ്രീ.അഭിലാഷ്.ആർ.എസ് - നെ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ലിസ്റ്റ് പരിഷ്കരിക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ സർക്കുലർ പ്രസിദ്ധീകരിച്ച് രണ്ടാഴ്ച്ക്കുള്ളിൽ ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1) എല്ലാ സ്ഥാപനമേധാവികൾക്കും (വെബ് സൈറ്റ് മുഖേന)
2) ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖാന്തിരം)

Draft #1 of File EG3/31036/23/DTE Approved by Senior Administrative Officer on 15-Feb-2024 10:32 PM - Page 1

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 15.02.2024
Reason: Approved

Draft #1 of File EG3/31036/23/DTE Approved by Senior Administrative Officer on 15-Feb-2024 10:32 PM - Page 2

The document is digitally approved. Hence signature is not needed.